# വൈദ്യുതി ചാർജ് കുടിശ്ശികനിവാരണത്തിന് ഒറ്റത്തവണ തീർപ്പാക്കല് പദ്ധതി പ്രഖ്യാപിച്ചു

Category: Press Releases

രണ്ടുവർഷത്തില് കൂടുതലായുള്ള വൈദ്യുതി ചാർജ് കുടിശ്ശിക അടച്ചു തീർക്കുന്നതിന് ഉദാരവ്യവസ്ഥയിൻമേല് കെ.എസ്.ഇ.ബി ഒറ്റത്തവണ തീർപ്പാക്കല് പദ്ധതി പ്രഖ്യാപിച്ചു. റവന്യൂ റിക്കവറി നേരിടുന്ന ഉപഭോക്താക്കൾക്കും വിവിധ കോടതികളില് വ്യവഹാരം നിലനിൽക്കുന്ന ഉപഭോക്താക്കൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. വൈദ്യുതി നിയമം 2003 ന്റെ സെക്ഷന് 126 അനുസരിച്ച് അനധികൃത വൈദ്യുതി ഉപയോഗത്തിന് നടപടി നേരിടുന്നവർക്കും ഈ പദ്ധതിയില് അപേക്ഷ നൽകാവുന്നതാണ്.

എന്നാല് മുൻപ് ഇത്തരം പദ്ധതികളില് അപേക്ഷിച്ച് ആനുകൂല്യം പറ്റിയവർക്കും വൈദ്യുതി നിയമം 2003 ന്റെ സെക്ഷന് 135 അനുസരിച്ച് വൈദ്യുതി മോഷണക്കുറ്റത്തിൻമേല് നടപടി നേരിടുന്നവര്ക്കും ഈ പദ്ധതിയിലെ വ്യവസ്ഥകള് ബാധകമായിരിക്കില്ല.

2018 ജൂണ് 1 മുതല് സെപ്റ്റംബർ 30 വരെയാണ് പദ്ധതിയുടെ കാലാവധി. രണ്ടു മുതല് 5 വർഷം വരെയുള്ള കുടിശ്ശികകൾക്ക് നിലവിലെ 18 ശതമാനം പലിശയ്ക്ക് പകരമായി 8 ശതമാനവും 5 വർഷത്തില് കൂടുതലുള്ള കുടിശ്ശികയ്ക്ക് 6 ശതമാനവും പലിശ നൽകിയാല് മതിയാകും. പലിശത്തുക 6 തുല്യതവണകളായി അടയ്ക്കാനും വ്യവസ്ഥയുണ്ട്.

എന്നാല് പലിശയടക്കമുള്ള കുടിശ്ശികത്തുക ഒരുമിച്ചടയ്ക്കുന്നവർക്ക് പലിശയിൻമേല് വീണ്ടും 2 ശതമാനത്തിന്റെ അധിക ഇളവും അനുവദിക്കുന്നതാണ്.

സർക്കാര് സ്ഥാപനങ്ങള്, പൊതുമേഖലാസ്ഥാപനങ്ങള് തുടങ്ങിയ ചില പ്രത്യേക ഉപഭോക്താക്കൾക്ക് കുടിശ്ശികത്തുകയടയ്ക്കുന്നതിന് 12 ശതമാനം പലിശ നിരക്കില് 6 മാസത്തെ തവണകളും ആവശ്യമെങ്കില് അനുവദിക്കും. ഇളക്കിമാറ്റപ്പെട്ട കണക്ഷനുകൾക്ക് പരമാവധി 6 മാസത്തെ ഡിമാന്റ് ചാർജ് / ഫിക്സഡ് ചാർജ് നൽകിയാല് അവർക്ക് പുതിയ കണക്ഷന് നൽകുന്നതാണ്. അടച്ചുപൂട്ടിയ വ്യവസായശാലകൾക്കും തോട്ടങ്ങൾക്കും ഈ വ്യവസ്ഥ ബാധകമാണ്.

എല്.റ്റി വിഭാഗത്തിലെ ഉപഭോക്താക്കള് അതാത് സെക്ഷന് ഓഫീസിലും എച്ച്.റ്റി/ഇ.എച്ച്.റ്റി വിഭാഗത്തിലെ ഉപഭോക്താക്കള് സ്പെഷ്യല് ഓഫീസര് റെവന്യൂവിന്റെ ഓഫീസിലും 2018 ആഗസ്റ്റ് 31 ന് മുൻപായി കുടിശ്ശിക തീർക്കാനുള്ള അപേക്ഷ നൽകണം.

വൈദ്യുതി ചാർജ് കുടിശ്ശികയുള്ള എല്ലാ ഉപഭോക്താക്കളും ഈ അവസരം വിനിയോഗിച്ച് കുടിശ്ശികതീർത്ത് നിയമനടപടികളില് നിന്ന് ഒഴിവാകണമെന്ന് അഭ്യർഥിക്കുന്നു.

ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസര്